# പ്രാർഥന

**ആവശ്യങ്ങൾ അവതരിപ്പിക്കുന്നത് സൃഷ്ടികളോടാകുമ്പോൾ എല്ലായ്പോഴും മറുപടി കിട്ടുകയില്ല. ചിലപ്പോൾ പൂർത്തീകരിച്ചു കൊടുക്കാൻ കഴിയാതെവരും. പക്ഷെ എല്ലാം പൂർത്തീകരിക്കാൻ കഴിവുള്ള ഒരുവനുണ്ട്.**

- إِنَّمَا قَوْلُنَا لِشَيْءٍ إِذَا أَرَدْنَاهُ أَنْ نَقُولَ لَهُ كُنْ فَيَكُونُ (النحل: ٤٠)

(നാം ഒരു കാര്യം ഉദ്ദേശിച്ചാൽ അത് സംബന്ധിച്ച നമ്മുടെ വചനം ഉണ്ടാകൂ എന്ന് അതിനോട് നാം പറയുക മാത്രമാകുന്നു. അപ്പോഴതാ അതുണ്ടാകുന്നു.)

- تَبَارَكَ الَّذِي بِيَدِهِ الْمُلْكُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ (الملك:١)

(ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ അനുഗ്രഹപൂർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.)

- وَإِنْ مِنْ شَيْءٍ إِلَّا عِنْدَنَا خَزَائِنُهُ وَمَا نُنَزِّلُهُ إِلَّا بِقَدَرٍ مَعْلُومٍ (الحجر:٢١)

(യാതൊരു വസ്തുവും നമ്മുടെ പക്കൽ അതിന്റെ ഖജനാവുകൾ ഉള്ളതായിട്ടല്ലാതെയില്ല. (എന്നാൽ) ഒരു നിർണിതമായ തോതനുസരിച്ചല്ലാതെ നാമത് ഇറക്കുന്നതല്ല)

*ഹദീസ് ഖുദ്സി:*

- يَا عِبَادِى لَوْ أَنَّ أَوَّلَكُمْ وَآخِرَكُمْ وَإِنْسَكُمْ وَجِنَّكُمْ قَامُوا فِى صَعِيدٍ وَاحِدٍ فَسَأَلُونِى فَأَعْطَيْتُ كُلَّ إِنْسَانٍ مَسْأَلَتَهُ مَا نَقَصَ ذَلِكَ مِمَّا عِنْدِى إِلاَّ كَمَا يَنْقُصُ الْمِخْيَطُ إِذَا أُدْخِلَ الْبَحْرَ (مسلم)

(എന്റെ അടിമകളേ, നിങ്ങളിലെ മുൻഗാമികളും പിൻഗാമികളും മനുഷ്യരും ജിന്നുകളും ഒരു സ്ഥലത്ത് ഒരുമിച്ചു കൂടി എന്നോട് ചോദിക്കുകയും, എല്ലാവരും തേടിയത് ഞാൻ നൽകുകയും ചെയ്താലും, കടലിലിട്ട ഒരു സൂചി കടൽവെള്ളത്തിന് വരുത്തുന്ന കുറവ്പോലെയല്ലാതെ എന്റടുക്കലുള്ളതിൽ കുറയുന്നില്ല)

- يَا أَيُّهَا النَّاسُ أَنْتُمُ الْفُقَرَاءُ إِلَى اللَّهِ وَاللَّهُ هُوَ الْغَنِيُّ الْحَمِيدُ (فاطر:١٥)

(മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു.)

- مَا عِنْدَكُمْ يَنْفَدُ وَمَا عِنْدَ اللَّهِ بَاقٍ (النحل :٩٦)

(നിങ്ങളുടെ അടുക്കലുള്ളത് തീർന്ന് പോകും. അല്ലാഹുവിങ്കലുള്ളത് അവശേഷിക്കുന്നതത്രെ.)

- أَنَّ رَسُولَ اللهِ صلى الله عليه وسلم، قَالَ: يَدُ اللهِ مَلأَى، لاَ تَغِيضُهَا نَفَقَةٌ، سَحَّاءُ اللَّيْلَ وَالنَّهَارَ وَقَالَ: أَرَأَيْتُمْ مَا أَنْفَقَ مُنْذُ خَلَقَ السَّمَوَاتِ وَالأَرْضَ، فَإِنَّهُ لَمْ يَغِضْ مَا فِي يَدِهِ، وَكَانَ عَرْشُهُ عَلَى الْمَاءِ، وَبِيَدِهِ الْمِيزَانَ يَخْفِضُ وَيَرْفَعُ (متفق عليه)

(അല്ലാഹുവിന്റെ കരം നിറഞ്ഞതാണ്. ചെലവഴിക്കൽ അതിനെ ചെറുതാക്കുകയില്ല. രാവും പകലും കോരിച്ചൊരിഞ്ഞുകൊണ്ടിരിക്കുന്നതാണത്. നബി (സ) പറഞ്ഞു: നിങ്ങൾക്കറിയില്ലേ, അവൻ ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിച്ചതു മുതൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്ന്? അവന്റടുക്കലുള്ളത് കുറഞ്ഞിട്ടില്ല. അർശ് ജലത്തിനു മീതെയായിരുന്നു. ഏറ്റുകയും താഴ്ത്തുകയും ചെയ്യുന്ന ത്രാസ്സ് അവന്റെ കൈയ്യിലുണ്ടായിരുന്നു.)

**ഈ മാസത്തിൽ അല്ലാഹു കൂടുതൽ ഔദാര്യം കാണിക്കുന്നു. പക്ഷെ ചോദിക്കുന്നവർ എവിടെ? ചോദിക്കുന്നവരെ അവന് ഇഷ്ടമാണ്.**

**എന്തിന് പ്രാർത്ഥിക്കണം?**

മുഅ്മിൻ അറിയുന്നു അല്ലാഹുവാണ് ഉപകാരവും ഉപദ്രവും ചെയ്യുന്നവൻ, നൽകുന്നവനും തടയുന്നവനും, അവൻ ഇച്ഛിക്കുന്നവർക്ക് കണക്കില്ലാതെ കൊടുക്കുന്നു. അല്ലാഹു ആർക്കെങ്കിലും നന്മചെയ്യാൻ ഉദ്ധേശിച്ചാൽ ഭൂവാസികൾ ഒന്നടങ്കം ശ്രമിച്ചാലും അതില്ലാതാക്കാൻ കഴിയില്ല. തിന്മയുടെ വിഷയവും അങ്ങിനെ തന്നെ. ഇങ്ങിനെയൊക്കെ വിശ്വസിക്കുന്നവനാണ് മുഅ്മിൻ. അല്ലാഹു പറയുന്നു:

- وَإِنْ يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلَا رَادَّ لِفَضْلِهِ يُصِيبُ بِهِ مَنْ يَشَاءُ مِنْ عِبَادِهِ وَهُوَ الْغَفُورُ الرَّحِيمُ (يونس:١٠٧)

(നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ

ദാസൻമാരിൽ നിന്ന് താൻ ഇച്ഛരിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.)

- ثُمَّ إِذَا مَسَّكُمُ الضُّرُّ فَإِلَيْهِ تَجْأَرُونَ (النحل :٥٣)

(എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്.)

- وَإِذَا مَسَّكُمُ الضُّرُّ فِي الْبَحْرِ ضَلَّ مَنْ تَدْعُونَ إِلَّا إِيَّاهُ (الإسراء :٦٧)

(കടലിൽ വെച്ച് നിങ്ങൾക്ക് കഷ്ടത (അപായം) നേരിട്ടാൽ അവൻ ഒഴികെ, നിങ്ങൾ ആരെയെല്ലാം വിളിച്ച് പ്രാർത്ഥിച്ചിരുന്നുവോ അവർ അപ്രത്യക്ഷരാകും.)

- قُلْ فَمَنْ يَمْلِكُ لَكُمْ مِنَ اللَّهِ شَيْئًا إِنْ أَرَادَ بِكُمْ ضَرًّا أَوْ أَرَادَ بِكُمْ نَفْعًا (الفتح :١١)

(നീ പറയുക: അപ്പോൾ അല്ലാഹു നിങ്ങൾക്കു വല്ല ഉപദ്രവവും ചെയ്യാൻ ഉദ്ദേശിച്ചാൽ അല്ലെങ്കിൽ അവൻ നിങ്ങൾക്ക് വല്ല ഉപകാരവും ചെയ്യാൻ ഉദ്ദേശിച്ചാൽ അവന്റെ പക്കൽ നിന്ന് നിങ്ങൾക്കു വല്ലതും അധീനപ്പെടുത്തിത്തരാൻ ആരുണ്ട്?)

കടലിന്റെ ആഴങ്ങളിൽ മുങ്ങിത്താഴുന്നവന്റെയും, ഒറ്റയ്ക്ക് അല്ലാഹുവിന്റെ മുമ്പിൽ പ്രണാമം അർപ്പിക്കുന്നവന്റേയും, അക്രമിക്കപ്പെട്ടവന്റെയും വേദനകളും കണ്ണീരും കാണുന്നവൻ അല്ലാഹു മാത്രം.

- وَإِنْ تَجْهَرْ بِالْقَوْلِ فَإِنَّهُ يَعْلَمُ السِّرَّ وَأَخْفَى (٧) اللَّهُ لَا إِلَهَ إِلَّا هُوَ لَهُ الْأَسْمَاءُ الْحُسْنَى (طه :٨)

(നീ വാക്ക് ഉച്ചത്തിലാക്കുകയാണെങ്കിൽ തീർച്ചയായും അവൻ (അല്ലാഹു) രഹസ്യമായതും, അത്യന്തം നിഗൂഢമായതും അറിയും (എന്ന് നീ മനസ്സിലാക്കുക) അല്ലാഹു-അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റേതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ.)

**ചോദിക്കാതിരിക്കുന്നത് അല്ലാഹുവിന്റെ അനിഷ്ടത്തിന് കാരണമാകും.**

- أَنَّ رسولَ الله صلى الله عليه وسلم قال: «مَنْ لَمْ يَسْأَلِ اللهَ يَغضَبْ عليه».أخرجه الترمذي .

(ചോദിക്കാത്തവന്റെ മേൽ അല്ലാഹു കോപിക്കുന്നു)

**അതീവ വിനയത്തോടെയുള്ള തേട്ടം അവന് പ്രിയങ്കരമാണ്. ചോദിക്കുമെങ്കിൽ ദുഃഖിതന്റെ ദുഃഖം അവൻ മാറ്റിക്കൊടുക്കും.**

- أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ أَإِلَهٌ مَعَ اللَّهِ قَلِيلًا مَا تَذَكَّرُونَ (النمل:٦٢)

(അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ.)

- عَنْ أَبِى هُرَيْرَةَ رضى الله عنه أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ « يَتَنَزَّلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الآخِرُ يَقُولُ مَنْ يَدْعُونِى فَأَسْتَجِيبَ لَهُ، مَنْ يَسْأَلُنِى فَأُعْطِيَهُ، وَمَنْ يَسْتَغْفِرُنِى فَأَغْفِرَ لَهُ (متفق عليه)

(നബി (സ) പറയുന്നു: രാത്രിയുടെ അവസാനത്തെ മൂന്നിലൊന്ന് ശേഷിക്കുമ്പോൾ നമ്മുടെ ഉന്നതനും ഉത്തമനുമായ രക്ഷിതാവ് താഴത്തെ ആകാശത്തിലേക്ക് ഇറങ്ങിവന്നിട്ട് ചോദിക്കും: എന്നോട് പ്രാർത്ഥിക്കുന്നവന് ഞാൻ ഉത്തരം നൽകും, എന്നോട് ചോദിക്കുന്നവന് ഞാൻ നൽകും, എന്നോട് പശ്ചാത്തപിക്കുന്നവന് ഞാൻ പൊറുത്തുതരും)

**ഇനിയുമെന്തിന് മറ്റുള്ളവരോട് ചോദിക്കണം?**

- عبد الله بن مسعود رضي الله عنه قال: قال رسولُ الله –صلى الله عليه وسلم: «مَنْ نَزَلَتْ به فَاقَة فأنزلها بالناس لم تُسَدَّ فاقَتُه ، ومَنْ نزلتْ به فاقة فأنزلها بالله فيوشك الله له بِرِزْقٍ عاجِل أو آجل»

(നബി (സ) പറഞ്ഞു: ആർക്കെങ്കിലും ദാരിദ്യം ഉണ്ടാവുകയും അതുമായി ജനങ്ങളിലേക്ക് ഇറങ്ങുകയും ചെയ്താൽ അവന്റെ ദാരിദ്യം നിർമാർജനം ചെയ്യപ്പെടുകയില്ല. ആർക്കെങ്കിലും ദാരിദ്യം ഉണ്ടാവുകയും അതിമായി അല്ലാഹുവിലേക്ക് ഇറങ്ങുകയും ചെയ്താൽ ഉടനെയോ, പിന്നീടോ അല്ലാഹു അവന് വിഭവം നൽകുന്നതാണ്.)

**പ്രാർത്ഥനയുടെ മഹത്വം**
മുഖ്യമായ ഒരു ആരാധനയാണ് പ്രാർഥന. നബി(സ) അങ്ങിനെയാണ് അതിനെ വിശേഷിപ്പിച്ചത്. അല്ലാഹുവിന്റെ മുമ്പിൽ താഴ്മയോടെയും മനംനുറുങ്ങിയും സമർപ്പിക്കുന്ന ഈ കർമത്തെ നബി (സ) വിശേഷിപ്പിക്കുന്നു,

- أن رسولَ الله صلى الله عليه وسلم قال : «ليس شيء أكرمَ على الله من الدُّعاءِ» أخرجه الترمذي.

(പ്രാർത്ഥനയേക്കാൾ ഉത്തമമായതൊന്നും അല്ലാഹുവിന്റെ മുമ്പിലില്ല)

<u>പ്രാർത്ഥനാവേളയിൽ അടിമ അല്ലാഹുവിന്റെ സമീപത്താകുന്നു.</u>
وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ (البقرة :١٨٦)

(നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊ് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേിയാണിത്.)

ഇബ്നു കഥീർ(റ) പറയുന്നു: 'പ്രാർത്ഥനയിലേക്ക് പ്രേരിപ്പിക്കുന്ന ഈ ആയത്തുകൾ നോമ്പിന്റെ നിയമങ്ങൾക്കിടയിൽ അല്ലാഹു പറഞ്ഞത് നോമ്പ് മാസം അവസാനിക്കുമ്പോൾ, സർവോപരി ഓരോ നോമ്പ് തുറക്കുമ്പോളും പ്രാർത്ഥനയിൽ അതീവതാത്പര്യം പുലർത്താനുള്ള നിർദേശമായിട്ടാണ്. ഇബ്നു മാജയുടെ റിപ്പോർട്ടിലുള്ളത് പോലെ'

- قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وسَلَّمَ : إِنَّ لِلصَّائِمِ عِنْدَ فِطْرِهِ لَدَعْوَةً مَا تُرَدُّ.

(നോമ്പ് തുറക്കുന്ന വേളയിൽ നോമ്പുകാരന് തള്ളപ്പെടാത്ത ഒരു പ്രാർത്ഥനയുണ്ട്)

**പ്രാർഥനയുടെ രാവുകൾ**
നാമിപ്പോൾ ഏറ്റവും ഉത്തമമായ രാവുകളിലാണ്. അനുഗ്രഹങ്ങൾ വർഷിക്കുന്ന, വീഴ്ചകൾ പൊറുക്കപ്പെടുന്ന, പദവികൾ ഉയർത്തപ്പെടുന്ന രാവുകളിൽ. ഈ രാവുകൾ പാഴാക്കരുത്. പ്രാർത്ഥിക്കുക, ഖുർആൻ കേട്ട് മനമുരുകുക, അല്ലാഹുവിനെ കാണാൻ കൊതിക്കുക, അല്ലാഹുവിനെ പേടിച്ച് കണ്ണീരൊഴുക്കുക,

**ലാഭം കൊയ്യുന്നവർ**
ആവശ്യങ്ങൾ അല്ലാഹുവിനോട് ഉണർത്തിക്കൂ. അല്ലാഹു നിന്നെ നിരാശനാക്കുകയില്ല. അല്ലാഹു പറയുന്നു:

- وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ (غافر :٦٠)

(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം.)

- ادْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لَا يُحِبُّ الْمُعْتَدِينَ (٥٥) وَلَا تُفْسِدُوا فِي الْأَرْضِ بَعْدَ إِصْلَاحِهَا وَادْعُوهُ خَوْفًا وَطَمَعًا إِنَّ رَحْمَتَ اللَّهِ قَرِيبٌ مِنَ الْمُحْسِنِينَ (الأعراف :٥٦)

(താഴ്മയോടു കൂടിയും രഹസ്യമായിക്കൊും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. ഭൂമിയിൽ ന□വരുത്തിയതിനു ശേഷം നിങ്ങൾ അവിടെ

നാശമുാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു.)

**അല്ലാഹു ഏറ്റവും മാന്യനും ധനികനും**
ചോദിക്കുമ്പോളെല്ലാം അല്ലാഹു നൽകുന്നു: നബി(സ) പറഞ്ഞു:

- ما مِنْ مُسْلِمٍ يَدْعُو اللهَ بِدَعْوَةٍ لَيْسَ فِيها إِثْمٌ وَلا قَطِيعَةُ رَحْمٍ إِلَّا أَعْطَاهُ اللهُ بِهَا إِحْدَى ثَلاثٍ إِمَّا أَنْ يُعَجِّلَ لَهُ دَعْوَتَهُ وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الآخِرَةِ وإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلَهَا، قَالُوا إِذَنْ نُكْثِرْ. قَالَ: اللهُ أَكْثَرُ وأَطْيَبُ (ابن أبى شيبة ، وأحمد ، وعبد بن حميد ، وأبو يعلى ، والحاكم ، والبيهقى فى شعب الإيمان عن أبى سعيد)

(പാപത്തിനോ, കുടുംബബന്ധം മുറിക്കാനോ ആയിട്ടല്ലാതെ പ്രാർത്ഥിക്കുന്ന ഏത് മുസ്ലിമിനും മൂന്നാലൊന്ന് അല്ലാഹു നൽകാതിരിക്കുകയില്ല. ഒന്നുകിൽ അവന്റെ പ്രാർത്ഥന ഉടനെ സ്വീകരിക്കും, അല്ലെങ്കിൽ പരലോകത്ത് അവനു വേണ്ടി സൂക്ഷിച്ചു വെക്കും, അല്ലെങ്കിൽ തത്തുല്യമായ നിലയിലുള്ള തിന്മയെ വഴിതിരിച്ചു വിടും. സഹാബികൾ പറഞ്ഞു: എന്നാൽ ഞങ്ങൾ ദുആ അധികരിപ്പിക്കും, നബി (സ) പറഞ്ഞു അല്ലാഹു വലിയവനാണ്, പരിശുദ്ധനാണ്)

**വിധിയെപ്പോലും മാറ്റിവെപ്പിക്കാൻ പ്രാർത്ഥനക്ക് കഴിയുമെന്ന് നബി.**

- سلمان الفارسي رضي الله عنه أن رسولَ الله صلى الله عليه وسلم قال: «لا يردُّ القَضاءَ إلا الدُّعاءُ ، ولا يزيد في العُمُر إلاالبرُّ». أخرجه الترمذي.

(വിധിയെ തടുക്കുകയില്ല പ്രാർത്ഥനയല്ലാതെ, ആയുസ്സിനെ വർധിപ്പിക്കുകയില്ല നന്മയല്ലാതെ)

**പ്രാർഥനാ വേളയിൽ അല്ലാഹുവിന്റെ മുമ്പിൽ നിസ്സാരനാകുക**
ഇബ്നു റജബ്(റ) പറയുന്നു: 'അല്ലാഹുവിനെ ഭയക്കുന്ന ചിലർ രാത്രിയിൽ നിശ്ശബ്ദനായി, തല താഴ്ത്തി, യാചകനെ പോലെ കൈനീട്ടി ഇരിക്കുമായിരുന്നു.'

ഇല്ലായ്മയും വല്ലായ്മയും പ്രകടമാക്കി, പ്രാർഥനയിൽ ഹൃദയസാന്നിധ്യം വരുത്തി, ഹൃദയം തകർന്ന്, ആവശ്യക്കാരനാണെന്ന വിചാരത്തിൽ വേണം പ്രാർത്ഥിക്കാൻ.

ഔസാഇൗ പറയുന്നു: 'അല്ലാഹുവിനോട് ആവർത്തിച്ചു ചോദിക്കുന്നതും വിനയം കാണിക്കലുമാണ് ഉൽകൃഷ്ടമായ പ്രാർത്ഥന'

**നല്ല വിചാരം പുലർത്തുക**
അടിമയുടെ വിചാരം പോലെയാണ് അല്ലാഹു നൽകുന്നത്. അല്ലാഹു പറയുന്നു:

- إِنَّ اللَّهَ يَقُولُ أَنَا عِنْدَ ظَنِّ عَبْدِي بِي وَأَنَا مَعَهُ إِذَا دَعَانِي (مسلم)

(ഞാൻ എന്റെ അടിമ എന്നെ സംബന്ധിച്ച് വിചാരിക്കുന്നിടത്താണ്, അവൻ എന്നോട് പ്രാർത്ഥിക്കുമ്പോൾ ഞാൻ അവനോടൊപ്പമാണ്.)

**സുഭിക്ഷതയുടെ അവസരത്തിൽ പ്രാർത്ഥിക്കുന്നത് ഉത്തരം ലഭിക്കാനുതകുന്നതാണ്.**

- أبو هريرة رضي الله عنه: أنَّ رسولَ الله صلى الله عليه وسلم قال: «مَن سَرَّهُ أنْ يَسْتَجِيبَ اللهُ له عند الشَّدَائِدِ والْكُرَبِ فَلْيُكْثِرِ الدُّعَاءَ في الرَّخَاءِ».أخرجه الترمذي.

(വിഷമതകളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ അല്ലാഹു പ്രാർത്ഥന സ്വീകരിക്കുന്നത് ഇഷ്ടമാണെങ്കിൽ സുഭിക്ഷതയുടെ അവസരത്തിൽ അവൻ ദുആ അധികരിപ്പിക്കട്ടെ)

**ഉത്തരം നൽകാതെ പരാജിതനായി തന്റെ അടിമയെ മടക്കിയയക്കുന്നത് അല്ലാഹുവിന് നാണക്കേടാണ്. കാരണം അല്ലാഹു മാന്യനാണ്.**

o عَنْ سَلْمَانَ الْفَارِسِيِّ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ حَيِيٌّ كَرِيمٌ يَسْتَحْيِي إِذَا رَفَعَ الرَّجُلُ إِلَيْهِ يَدَيْهِ أَنْ يَرُدَّهُمَا صِفْرًا خَائِبَتَيْنِ (ترمذي)

(അല്ലാഹു ലജ്ജയുള്ളവനും മാന്യനുമാണ്. ഒരാൾ അല്ലാഹുവിലേക്ക് ഇരുകരങ്ങളും ഉയർത്തിയാൽ, ശൂന്യമായി പരാജയപ്പെട്ട് അതിനെ മടക്കുന്നതിൽ അല്ലാഹു ലജ്ജിക്കുന്നു.)

**ചില അതിശക്തർ**

o أَنَّ رسولَ اللَّهِ صلى الله عليه وسلم قال: «رُبَّ أَشْعَثَ مَدْفُوعٍ بالأبواب لو أَقْسَمَ عَلَى اللهِ لأَبَرَّهُ».أخرجه مسلم.

(മുടി പാറിപ്പറന്ന, കവാടങ്ങളിൽ നിന്നും ആട്ടിയോടിക്കപ്പെടുന്ന എത്രയോ ആളുകളുണ്ട്. അവർ അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്താൽ അല്ലാഹു അത് നടപ്പിലാക്കിയിരിക്കും)

**ധൃതി കൂട്ടരുത്**

o أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ يُسْتَجَابُ لِأَحَدِكُمْ مَا لَمْ يَعْجَلْ فَيَقُولُ قَدْ دَعَوْتُ فَلَمْ يُسْتَجَبْ لِي (مؤطا مالك)

(പ്രാർത്ഥിച്ചിട്ടും എനിക്ക് മറുപടി കിട്ടിയില്ല എന്ന് പറഞ്ഞ് ധൃതികാണിക്കാത്തിടത്തോളം നിങ്ങളിലൊരാൾക്ക് മറുപടി ലഭിക്കും)

അബ്ദുല്ലാഹ് ബിൻ സുബൈറിന്റെ പുത്രൻ ആമിർ ചിലപ്പോൾ ഇശാ നമസ്കാരം കഴിഞ്ഞ് ദുആ ചെയ്യാനിരുന്നാൽ സുബ്ഹി വരെ നീണ്ടു പോയിരുന്നു. (നുസ്ഹതുൽ ഫുദലാഅ് 484)

**പ്രാർഥനയുടെ രൂപം**

ഇതിൽ പ്രവാചകന്മാരുടെ പാത പിന്തുടരുക. യാ സയ്യിദീ എന്ന സംബോധനയിൽ പ്രാർത്ഥിക്കുന്ന ഒരാളെ സംബന്ധിച്ച് ഇമാം മാലികിനോട് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: റബ്ബനാ റബ്ബനാ എന്നുള്ള നബിമാരുടെ ദുആയാണ് എനിക്ക് ഇഷ്ടം (നുസ്ഹതുൽ ഫുദലാഅ് 621)

**പ്രാർത്ഥനയുടെ ദിനങ്ങൾ**

നമ്മൾ ഇപ്പോൾ പ്രാർഥനയുടെ ദിനങ്ങളിലാണുള്ളത്. ദുആ എല്ലായ്പ്പോഴും ഉണ്ടെങ്കിലും, ഈ ദിനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. നബി(സ) ഈ സമയങ്ങളിൽ മുണ്ട് മുറുക്കിയുടുത്തിരുന്നു. രാവുകൾ സജീവമാക്കിയിരുന്നു. വീട്ടുകാരെ ഉണർത്തിയിരുന്നു. ലൈലതുൽ ഖദ്റ് ഈ മാസത്തിലാണുള്ളത്.

തയ്യാറാക്കിയത്: സാജിദ് നദ്‌വി ഈരാറ്റുപേട്ട